(ഡി) മൈനോറിറ്റി കോച്ചിംഗ് സെന്റർ തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മഞ്ചേശ്വരം താലൂക്കിലെ ഉപ്പളയിൽ ലഭ്യമാക്കിയാൽ ഈ വർഷം തന്നെ കോച്ചിംഗ് സെന്റർ ആരംഭിക്കുവാൻ കഴിയുമോ; വ്യക്തമാക്കാമോ?

(സി&ഡി)പരിശോധിക്കുന്നതാണ്.

മംഗലപുരം - വിഴിഞ്ഞം ആറുവരി പാതയുടെ നിർമ്മാണം

139 (139) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മംഗലപുരം - വിഴിഞ്ഞം ആറുവരി പാതയുടെ നിർമ്മാണം സംബന്ധിച്ച സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത പാത കടന്നു പോകുന്ന പഞ്ചായത്തുകളുടെ പേരുവിവരം വെളിപ്പെടുത്തുമോ; പാത നിർമ്മിക്കുന്നതിന്റെ ലക്ഷ്യം, തുടർ നടപടികൾ എന്നിവയുടെ വിശദാംശം നൽകുമോ?

ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെടുത്തി ഏകദേശം 79 കി.മീറ്റർ നീളമുള്ള ഔട്ടർ റിംഗ് റോഡ് നഗരത്തിന്റെ വടക്ക് ഭാഗത്ത് നാവായിക്കുളത്തുനിന്ന് ആരംഭിച്ച് വെയിലൂർ, പള്ളിപ്പുറം, അണ്ടൂർക്കോണം, വട്ടപ്പാറ, അരുവിക്കര, ഊരുട്ടമ്പലം, ബാലരാമപുരം കടന്ന് ബൈപ്പാസുമായി കൂടിച്ചേരുന്നു. ഈ പദ്ധതിയിൽ തേക്കടയിൽ നിന്ന് മംഗലപുരത്തേയ്ക്ക് 13.94 കി.മീ നീളത്തിൽ ഒരു ലിങ്ക് റോഡും ഉൾപ്പെട്ടിരിക്കുന്നു. ഈ പദ്ധതി മുഖ്യമായും ലക്ഷ്യമിടുന്നത് തലസ്ഥാന നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളുടെ സുസ്ഥിരവും ശാസ്ത്രീയവും മികവുറ്റ ആസൂത്രണത്തിലധിഷ്ഠിതവുമായ വികസനത്തോടൊപ്പം ഈ നഗരത്തിന്റെ ഗതാഗതം സുഗമവും കുറ്റമറ്റതുമായ രീതിയിൽ കൈകാര്യം ചെയ്യലും വിഭവങ്ങളുടെ ഗുണകരവും പ്രയോജനപ്രദവുമായ ഉപയോഗവുമാണ്. ഈ പദ്ധതിയുടെ നിർദ്ദേശത്തിന് ഭാരത് മാല പരിയോജനയുടെ കീഴിൽ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. എൻ.എച്ച്.എ.ഐ.-യ്ക്കാണ് നിർമ്മാണ ചുമതല. ഈ പദ്ധതിയുടെ പരിസ്ഥിതി സാമൂഹിക ആഘാത വിശകലന റിപ്പോർട്ട് പബ്ലിക് ഹിയറിംഗിനായി പൊല്യൂഷൻ കൺട്രോൾ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ തുടർ നടപടികൾ പദ്ധതിയുടെ പബ്ലിക് ഹിയറിംഗ്, MoRTH-ന്റെ അന്തിമ അംഗീകാരം, ഭൂമി ഏറ്റെടുക്കൽ എന്നിവയാണ്. ഈ പദ്ധതി കടന്നുപോകുന്ന പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly